**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 287 16/12/2015-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.കെ.കെ.ലതിക**<br>**ശ്രീ.കോടിയേരി ബാലകൃഷ്ണൻ**<br>**,, എം.ചന്ദ്രൻ**<br>**,, കെ.കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. കെ.പി.മോഹനൻ**<br>**(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്ത് പ്രതിദിനം ആവശ്യമായ പച്ചക്കറിയുടെ എത്ര ശതമാനം സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കമോ; | എ) സംസ്ഥാനത്ത് ആവശ്യമായ പച്ചക്കറിയുടെ $^3/_4$ ഭാഗത്തോളം തദ്ദേശമായി ഉല്പാദിപ്പിക്കുന്നുണ്ട്. സംസ്ഥാനത്ത് ഒരു ദിവസം ആവശ്യമായ 5320 മെട്രിക് ടൺ പച്ചക്കറിയിൽ ഏതാണ്ട് 3900 മെട്രിക് ടൺ കേരളത്തിൽ നിന്ന് തന്നെ ലഭ്യമാവുന്നുണ്ട്. |
| ബി) എല്ലായിനം പച്ചക്കറികളുടെയും കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിയ്ക്കുന്നതിന് ഏതെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കാമോ; | ബി) എല്ലായിനം പച്ചക്കറികളുടെയും കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിയ്ക്കുന്നതിന് വേണ്ടി കൃഷി വകുപ്പ് കഴിഞ്ഞ 4 വർഷമായി സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി നമുക്ക് ആവശ്യമായ പച്ചക്കറിയുടെ $^3/_4$ ഭാഗത്തോളം തദ്ദേശീയമായി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 2015-16 സാമ്പത്തിക വർഷം 5.64 കോടി രൂപയുടെ പച്ചക്കറി വികസന പദ്ധതികൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കി വരുന്നു. പച്ചക്കറി കൃഷി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക, പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |

| | |
|---|---|
| സി) പച്ചക്കറി ഉല്പാദനരംഗത്ത് സർക്കാരിന്റെ നേരിട്ടുള്ള സംരംഭങ്ങൾ എന്തൊക്കെയാണ്; സർക്കാർ ഭൂമിയിൽ സർക്കാരിന്റെ ഏതെങ്കിലും ഏജൻസി പച്ചക്കറി ഉല്പാദനം നടത്തുന്നുണ്ടോ; വിശദമാക്കാമോ? | സി) പച്ചക്കറി ഉല്പാദിപ്പിക്കുന്ന കർഷകർക്ക് കൃഷിവകുപ്പ് നേരിട്ട് ധനസഹായം നല്കുന്നുണ്ട്. അതോടൊപ്പം കൃഷി വകുപ്പിന്റെ കീഴിലുള്ള വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങളും കൃഷിക്കാർക്ക് നേരിട്ട് ധനസഹായം നല്കുന്നു. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കാർഷിക ഫാമുകളിൽ പ്രധാനമായും വിത്തുല്പാദനത്തി-നാണ് മുൻതൂക്കം നല്കുന്നത്. പ്രതി വർഷം 2 ടണ്ണോളം വിവിധയിനം പച്ചക്കറി വിത്തുകൾ ഫാമുകൾ വഴി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. കൂടാതെ ഫാമിൽ ജൈവ രീതിയിൽ പച്ചക്കറി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.<br><br>പച്ചക്കറി ഉത്പാദനം പ്രോത്സാഹിപ്പിക്കു-ന്നതിനു വേണ്ടി രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായത്തോടെ 2015-16 സാമ്പത്തിക വർഷത്തിൽ തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിക്കായി ഹെക്ടറിന് 15000 രൂപ സബ്സിഡി നിരക്കിൽ 4057.33 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി കേരളത്തിലെ എല്ലാ ജില്ലകളിലുമായി നടപ്പിലാക്കി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**